പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *241 11/10/2011 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. കെ.എം. ഷാജി :<br>ശ്രീ. എം. ഉമ്മർ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതവും കാര്യക്ഷമവുമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) നടപ്പു വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയാക്കിയിട്ടുണ്ട്. വരും വർഷത്തേക്കാവശ്യമായ പുസ്തകങ്ങൾ അച്ചടിക്കുന്നതിന് മതിയായ അളവിൽ ഗുണമേന്മയുള്ള കടലാസ് ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെ, ആവശ്യമായ പുസ്തകങ്ങളുടെ ഇൻഡന്റ്, ഡി.ഇ.ഒ മാർ മുഖേന ശേഖരിക്കുകയും പുസ്തകങ്ങളുടെ അച്ചടി കെ.ബി.പി.എസിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്കൂൾ സൊസൈറ്റികളുമായി നിരന്തരം ബന്ധപ്പെട്ട് മോണിറ്റർ ചെയ്യുന്നതിന് എ.ഇ.ഒ/ഡി.ഇ.ഒ - മാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതും ഈ മേഖലയിലെ വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| ബി) പാഠപുസ്തക അച്ചടിയിലും, വിതരണത്തിലും മുൻ സർക്കാരിന്റെ കാലത്ത് വൻക്രമക്കേടുകൾ നടന്നതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br>സി) എങ്കിൽ ക്രമക്കേടു സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ ; | ബി) യും സി) യും കാലാകാലങ്ങളായി തുടർന്നു വന്നിരുന്ന വിതരണ രീതിയിൽ നിന്നും മാറ്റം വരുത്തി സ്കൂളുകൾക്ക് നേരിട്ട് പുസ്തകങ്ങൾ വിതരണം ചെയ്യുക വഴി അധികച്ചെലവുണ്ടായതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ചെലവുകൾ കുറയ്ക്കുന്നതിനും വിതരണം കൂടുതൽ ഫലവത്താക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | എത്ര രൂപയുടെ നഷ്ടമാണുണ്ടായതെന്നും, ഈ നഷ്ടം നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ ; | ഡി) യും (ഇ) യും | വിതരണ രീതിയിൽ മാറ്റം വരുത്തിയതു വഴി 2.95 കോടി രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിതരണ ചിലവ് പൂർണ്ണമായും സ്കൂൾ സൊസൈറ്റികളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ സൊസൈറ്റികൾക്ക് നൽകിയിരുന്ന കമ്മീഷൻ 10 ശതമാനത്തിൽ നിന്നും 5 ശതമാനമാക്കികൊണ്ട് ഈ നഷ്ടം നികത്തിയിട്ടുണ്ട്. അധികച്ചെലവുകൾ കുറച്ചുകൊണ്ടും നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടും സമഗ്രവും ഫലവത്തായതുമായ പുതിയ വിതരണ രീതി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| ഇ) | ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ